(ബി) ഇതിനായി എന്ത് തുകയുടെ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതെന്ന വ്യക്തമാക്കുമോ ;

(സി) ഏത് ഏജൻസിവഴി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹോർട്ടികൾച്ചർ വിളകളുടെ വിത്തുമുതൽ വിപണിവരെയുള്ള ഉന്നമനത്തിനായി രൂപീകരിക്കപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ. ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും, ഉല്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങൾ ആരംഭിക്കുക, കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം, ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക, സംയോജിത സസ്യസംരക്ഷണ മുറകൾ നടപ്പിലാക്കുക, സംരക്ഷിത കൃഷി നടപ്പിലാക്കുക ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, വിളവെടുപ്പാനന്തര പരിപാലനം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവൽക്കരണം, ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉയർന്ന വില ലഭിക്കുന്നതിനും ഗ്രേഡിംഗ് പാക്കിംഗ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം, ഗ്രാമീണ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മാനവവിഭവശേഷി വികസനം എന്നിവയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ. മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കുറുവപ്പട്ട, ഗ്രാമ്പ്, കശുമാവ്, കൊക്കോ, പുഷ്പങ്ങൾ എന്നീ വിളകളാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ ക്ഷുണ കൃഷിയും, തേനീച്ച വളർത്തലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരളത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 100.2396 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള മുഖാന്തരമാണ് കേരളത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നത്.

മുട്ട, പഴം, പച്ചക്കറി, കോഴിയിറച്ചി എന്നിവയുടെ ഉപഭോഗം

242 (1681) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013-2014 വർഷത്തിൽ സംസ്ഥാനത്ത് ആളോഹരി അനുപാതംവച്ച് സംസ്ഥാനത്തെ ജനങ്ങൾക്ക് ആവശ്യമായി വന്നതും, സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെട്ടതും, അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശ രാജ്യങ്ങളിൽനിന്നും കൊണ്ടുവന്നതുമായ മുട്ട, പഴം, പച്ചക്കറി, കോഴിയിറച്ചി എന്നിവയുടെ കണക്ക് ഓരോന്നും ഇനം തിരിച്ച് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ICMR-ന്റെ ശിപാർശകൾ പ്രകാരം ഒരു വ്യക്തിക്ക് ഒരു ദിവസം 200 ഗ്രാം പച്ചക്കറികളും 100 ഗ്രാം പഴവർഗ്ഗങ്ങളും ആവശ്യമാണ്.

ഈ ശിപാർശ പ്രകാരം കേരളത്തിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി 2013-14-ൽ ആകെ 24.38 ലക്ഷം ടൺ പച്ചക്കറികൾ ആവശ്യമായി വന്നിട്ടുണ്ട്. ഇതിൽ 11.9 ലക്ഷം ടൺ പച്ചക്കറി കേരളത്തിൽ ഉല്പാദിപ്പിച്ചു. ബാക്കി ആവശ്യമായ 12.48 ലക്ഷം ടൺ പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്നതായി കണക്കാക്കപ്പെടുന്നു. പഴവർഗ്ഗങ്ങളുടെ കാര്യത്തിൽ 2013-14-ൽ ആകെ 12.19 ലക്ഷം ടൺ പഴങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. ചക്ക, പപ്പായ എന്നീ പഴവർഗ്ഗങ്ങൾ ഉൾപ്പെടെ ആകെ 24.82 ലക്ഷം ടൺ പഴവർഗ്ഗങ്ങൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. ഇതുകൂടാതെ മറ്റു സംസ്ഥാനങ്ങളിൽനിന്നും ശൈത്യമേഖലകളിൽ നിന്നും 5 ലക്ഷം ടൺ പഴവർഗ്ഗങ്ങളും കേരളത്തിൽ വിൽപ്പനയ്ക്കായി എത്തിച്ചിട്ടുണ്ട്.

കർഷക വയൽ വിദ്യാലയം പദ്ധതി

243 (1682) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ കൃഷി ഭവനു കീഴിലും കർഷകവയൽ, വിദ്യാലയം പദ്ധതി പ്രകാരം എത്ര ഹെക്ടർ കൃഷി ഏലകളിൽ കൃഷി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് പ്രത്യേക ടാർജറ്റ് ഓരോ കൃഷി ഭവനു കീഴിലും നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡലത്തിൽ കർഷക വിദ്യാലയം പദ്ധതി പ്രകാരം 219.8 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്.

(ബി) ഡെമോൺസ്ട്രേഷൻ, സംയോജിത കീടരോഗ നിയന്ത്രണത്തെക്കുറിച്ചുള്ള കർഷകർക്കുള്ള പരിശീലന പരിപാടി, ഐ.പി.എം., കിറ്റ് തുടങ്ങിയവ ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly